**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 2** **12-10-2026-ൽ മറുപടിയ്ക്ക്**

**സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ്
ശ്രീ. ജി. ആർ. അനിൽ
ശ്രീ. പി. പ്രസാദ്
ശ്രീമതി ഗീതാ ഗോപി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ നിർദ്ധനരായ സ്ത്രീകൾക്ക് ആശ്വാസമായി കഴിഞ്ഞ സർക്കാർ സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** 01.11.2025ലെ ജി.ഒ(പി)നമ്പർ.138/2025/ധന പ്രകാരം "മുഖ്യമന്ത്രിയുടെ സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്.

**(ബി)** സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പത്ത് ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു പെൻഷൻ തുക കഴിഞ്ഞ സർക്കാർ വിതരണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**മറുപടി:** സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 2026 ഫെബ്രുവരി മാസം പത്ത് ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് (1018042 പേർക്ക്) ആദ്യ ഗഡു പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീ സുരക്ഷാ പെൻഷൻ പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** പദ്ധതി സർക്കാർ സമഗ്രമായി പരിശോധിച്ച് വരികയാണ്.

**(ഡി)** പ്രസ്തുത പദ്ധതി പ്രകാരമുള്ള തുക വർധിപ്പിക്കുന്നതിനും മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**"ഭരണഭാഷ–മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - സ്ത്രീ സുരക്ഷാ പദ്ധതി - അന്ത്യോദയ അന്നയോജന [AAY], മുൻഗണനാ [PHH] വിഭാഗങ്ങളിലെ ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് പ്രതിമാസ ധന സഹായം ഉറപ്പാക്കുന്ന "സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വനിതാ ശിശു വികസനം) വകുപ്പ്**

സ.ഉ.(അച്ചടി)നം.138/2025/ധന തിരുവനന്തപുരം, തീയതി: 01/11/2025

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നിലും ഗുണഭോക്താക്കൾ ആകാത്ത പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രതിമാസ ധനസഹായം ഉറപ്പാക്കുന്ന ഒരു പദ്ധതി ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, മറ്റ് സാമൂഹ്യക്ഷേമ പദ്ധതികളിൽ ഒന്നും ഗുണഭോക്താക്കൾ ആകാത്തവരും അന്ത്യോദയ അന്നയോജനയിലും [AAY – മഞ്ഞ കാർഡ്], മുൻഗണനാ വിഭാഗത്തിലും [PHH – പിങ്ക് കാർഡ്] ഉൾപ്പെടുന്നവരുമായ 35 നും 60 നും ഇടയിൽ പ്രായമുള്ള ട്രാൻസ് വുമൺ അടക്കമുള്ള സ്ത്രീകൾക്ക് 1000/- രൂപ (ആയിരം രൂപ) പ്രതിമാസ ധനസഹായം ഉറപ്പാക്കുന്ന "സ്ത്രീ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),

**കെ.ആർ. ജ്യോതിലാൽ**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്–II) കേരളം, തിരുവനന്തപുരം.
2. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. ബഹു. വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
5. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

6. ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
7. ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
8. ധനകാര്യ [വ്യയം] സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
9. വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
10. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.
11. പൊതു ഭരണ (എസ്.സി) വകുപ്പ് - 29/10/2025-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ.3370.
12 വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ.
13. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ.
14. നോഡൽ ഓഫീസർ, www.finance.kerala.gov.in ,ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
15. കരുതൽ ഫയൽ /ഓഫീസ് കോപ്പി (E-3318553).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.